
2 മനുവിന്റെ വികൃതി

ആമുഖം

1 മുതൽ 5 വരെ സംഖ്യകൾ പരിചയപ്പെടുന്നതിനുള്ളതാണ് ഈ യൂണിറ്റ്. താരതമ്യത്തിനുപയോഗിക്കുന്ന പദങ്ങൾ കഴിഞ്ഞ യൂണിറ്റിൽ കുട്ടികൾ മനസ്സിലാക്കിക്കഴിഞ്ഞു. വസ്തുക്കളെ കൂട്ടങ്ങളാക്കി കൂട്ടങ്ങളുടെ സവിശേഷതകൾക്കനുസരിച്ച് അവയെ സംഖ്യയുമായി ബന്ധപ്പെടുത്തി ഈ യൂണിറ്റിൽ അവതരിപ്പിച്ചിരിക്കുകയാണ്. 1 മുതൽ 5 വരെ വസ്തുക്കൾ എണ്ണിയെടുത്ത് കൂട്ടങ്ങളാക്കുന്നതിനും അവയെ അക്കങ്ങൾ ഉപയോഗിച്ച് എഴുതുന്നതിനും വസ്തുക്കൾ എണ്ണിയെടുത്ത് രേഖപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കളികളിലേർപ്പെടുന്നതിനും ചിത്രം വരയ്ക്കുന്നതിനും പാട്ടു പാടുന്നതിനുമുള്ള അവസരങ്ങളും ഈ യൂണിറ്റിലൂടെ കുട്ടികൾക്കു ലഭിക്കുന്നു. പരസ്പരബന്ധം കണ്ടെത്താനും സംഖ്യകളെ ക്രമീകരിക്കാനും താരതമ്യം ചെയ്യാനും എണ്ണിയെടുക്കാനും ഈ യൂണിറ്റിലൂടെ കുട്ടിക്ക് കഴിയണം. തുടർന്നുള്ള യൂണിറ്റുകൾ ഈ അടിത്തറയിൽനിന്നുകൊണ്ടാണ് വികസിക്കുന്നത്.



യൂണിറ്റ് : 2 – മനുവിന്റെ വികൃതി

യൂണിറ്റ് പ്രൈയിം

ആശയങ്ങൾ, ധാരണകൾ	പ്രക്രിയ/പ്രവർത്തനങ്ങൾ	പഠനനേട്ടങ്ങൾ
• കൂട്ടങ്ങളെ താരതമ്യം ചെയ്യുന്നതിന് കൂട്ടത്തിൽ എത്രയുണ്ട് എന്നറിയണം.	• ചുറ്റുപാടുകൾ നിരീക്ഷിച്ചും കളികളിലേർപ്പെട്ടും കൂട്ടങ്ങളുടെ സവിശേഷതകൾ കണ്ടെത്തുന്നു.	• വസ്തുക്കളെ ഒന്നു മുതൽ അഞ്ചു വരെയുള്ള കൂട്ടങ്ങളാക്കി കൂട്ടത്തിൽ വലുതും ചെറുതും കണ്ടെത്തി താരതമ്യം ചെയ്യുന്നു. അവയെ സംഖ്യകളുമായി ബന്ധപ്പെടുത്തുന്നു.
• കൂട്ടത്തിൽ എത്രയുണ്ട് എന്നറിയാൻ എണ്ണി നോക്കണം. • എണ്ണുന്നതിന് സംഖ്യകൾ ഉപയോഗിക്കുന്നു. • ഏറ്റവും ചെറിയ സംഖ്യ 1 ആണ്.	• വസ്തുക്കളെ കൂട്ടങ്ങളാക്കിയും കൂട്ടങ്ങളുടെ സവിശേഷതകൾക്കനുസരിച്ച് തരംതിരിച്ചും കൂട്ടങ്ങളെ താരതമ്യം ചെയ്തും അവയെ സംഖ്യകളുമായി ബന്ധിപ്പിക്കുന്നു.	• കളികളുടെയും ആഖ്യാനത്തിന്റെയും ഭാഗമായി വസ്തുക്കൾ എണ്ണിയെടുക്കുന്നു. വസ്തുക്കളെ കൂട്ടങ്ങളാക്കുന്നു.
• ഒന്നു മുതൽ അഞ്ചുവരെ സംഖ്യകളെ 1, 2, 3, 4, 5 എന്നീ അക്കങ്ങൾ ഉപയോഗിച്ച് സൂചിപ്പിക്കുന്നു.	• ചിത്രം വരച്ചും കളികളിലേർപ്പെട്ടും എണ്ണിയെടുത്തും ഒന്നു മുതൽ അഞ്ചുവരെ അക്കങ്ങൾ പരിചയപ്പെടുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.	• ഒന്നുമുതൽ അഞ്ചുവരെ സംഖ്യകളെ തിരിച്ചറിയുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു.

യൂണിറ്റിലേക്ക്

സാമഗ്രികൾ : ചിത്രങ്ങൾ, മഞ്ചാടി, മുത്തുകൾ, ഈർക്കിലുകൾ, കളിപ്പാട്ടങ്ങൾ, ധാന്യ മണികൾ, ഗോലികൾ തുടങ്ങിയവ.

സമയം : 40 പിരിയഡ്

പ്രവർത്തനം - 1

മൃഗരാജൻ



'കൂട്ടം' എന്ന ആശയമാണ് ഇവിടെ അവതരിപ്പിക്കുന്നത്. (ഒരു മൈതാനത്ത് ഭക്ഷണം തേടുന്ന പലതരം മൃഗങ്ങളുടെയും പക്ഷികളുടെയും ചിത്രം കാണിക്കുന്നു. ഒരു വശത്ത് ഒളിഞ്ഞു നിന്ന് നോക്കുന്ന സിംഹവും ഉണ്ട്).



ഒരു കാട്ടിൽ ധാരാളം മൃഗങ്ങളും പക്ഷികളും പാർത്തിരുന്നു. അവർ സന്തോഷത്തോടെ ജീവിച്ചുവന്നു.

കഥയ്ക്കിടയിൽ ചില ചോദ്യങ്ങളാവാം.

- കാട്ടിൽ ഏതെല്ലാം മൃഗങ്ങളാണുള്ളത്?
- ഏതെല്ലാം പക്ഷികൾ?

കുട്ടികൾ പറയട്ടെ.

കൂടുതൽ ഉള്ളത് ഏതായിരിക്കും? മൃഗങ്ങളോ പക്ഷികളോ? - ചർച്ച.

ടീച്ചർ കഥ തുടരുന്നു.

ഒരു ദിവസം കാട്ടിലെ രാജാവായ സിംഹം മുന്നിലെത്തി. സിംഹത്തെ കണ്ട് എല്ലാ മൃഗങ്ങളും കൂട്ടത്തോടെ ഓടി സ്ഥലംവിട്ടു, പക്ഷികൾ പറന്നുപോയി.

- എന്തിനാണ് ഓടിയത്?
- എങ്ങോട്ടായിരിക്കും ഓടിയത്?
- ആരൊക്കെയാണ് ഓടിയത്?
- പറന്നുപോയവർ ആരൊക്കെയായിരിക്കും?

ചർച്ച

- മുയലുകൾ ഒരു കൂട്ടമായി ഒരുമിച്ചോടി, മാനുകൾ ഒരു കൂട്ടമായി ഓടി, കാക്കകൾ ഒരു കൂട്ടമായി പറന്നുപോയി.

ഒരു മാൻ മാത്രം സിംഹത്തിന്റെ മുന്നിൽ പെട്ടു.

"എന്നെ കൊല്ലല്ലേ" - മാൻ കരഞ്ഞുകൊണ്ട് പറഞ്ഞു.

"എനിക്കൊരു കുഞ്ഞുണ്ട്. അവൾ ഒറ്റയ്ക്കായിപ്പോകും" - മാൻ പറഞ്ഞു.

"എനിക്ക് വിശക്കുന്നു. എനിക്ക് നിന്നെ വേണം" - സിംഹം പറഞ്ഞു.

"എങ്കിൽ ഞാൻ എന്റെ കുഞ്ഞിന് പാലുകൊടുത്തിട്ടു വരാം. അതുവരെ കാത്തിരിക്കണം." - മാൻ പറഞ്ഞു. സിംഹം സമ്മതിച്ചു.

കുഞ്ഞിന് പാൽ കൊടുക്കാൻ പോയ മാൻ അൽപ്പസമയത്തിനുശേഷം തിരിച്ചു വന്നു. "ഇനി എന്നെ കൊന്നുതിന്നോളൂ" - മാൻ പറഞ്ഞു. പക്ഷേ, സിംഹം മാനിനെ തിന്നില്ല. സിംഹം പറഞ്ഞു: "നിന്റെ കുഞ്ഞ് ഒറ്റയ്ക്കല്ലേ. നീ കുഞ്ഞിനെ നല്ല രീതിയിൽ വളർത്തുക, ഞാൻ പോവുകയാണ്." സിംഹം പോയി. മറ്റുള്ളവർ കൂട്ടമായി മാനിന്റെ അടുത്തെത്തി.

അഭിനയിക്കാം

ഈ കഥ ക്ലാസിൽ അഭിനയിച്ച് കാണിക്കുന്നതിനുള്ള ഒരുക്കം നടത്തണം.

- മാനുകൾ ആരൊക്കെ?
- മുയലുകൾ, പക്ഷികൾ ആരൊക്കെ?
- സിംഹം ആര്?

  കൂട്ടങ്ങൾ രൂപീകരിക്കുക.

  മൃഗങ്ങളുടെയും പക്ഷികളുടെയും സഞ്ചാരരീതി - ചർച്ച
- അഭിനയിച്ചു കാണിക്കുന്നു. സിഹം അലറിക്കൊണ്ടു വരുമ്പോൾ മാൻ, മുയൽ, പക്ഷികൾ - ക്ലാസിന്റെ വിവിധ മൂലകളിലേക്ക് ഓടി കൂട്ടമാകുന്നു.

- കുട്ടികൾ നിർദേശിച്ച കൂട്ടത്തിലേക്കുതന്നെയാണോ പോകുന്നത്?
- അനുഭവപ്പെട്ട പ്രയാസങ്ങൾ എന്തെല്ലാം?

ഓരോ കൂട്ടവും ടീച്ചറുടെ നിർദേശത്തിനനുസരിച്ച് പ്രവർത്തിക്കുന്നു.

ഉദാ: മാൻകൂട്ടം ഓടട്ടെ.
പക്ഷിക്കൂട്ടം പറന്നുപോകട്ടെ.



ഒരേപോലുള്ളവയുടെ കൂട്ടങ്ങൾ ഉണ്ടാക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം. അതിനനുസരിച്ച് ചോദ്യങ്ങളും നിർദേശങ്ങളും ആകാം. എപ്പോഴാണ് ജീവികൾ ഇര തേടുന്നത്?

അഭിനയത്തിലെ മികവ്, കൂട്ടമാക്കുന്നതിലെ ധാരണ, കായികക്ഷമത, പ്രവർത്തനത്തിലെ പങ്കാളിത്തം തുടങ്ങിയവ വിലയിരുത്തണം.



പ്രവർത്തനം - 2

പാഠഭാഗത്തേക്ക് - ചിത്രവായന

(പാഠപുസ്തകത്തിലെ പേജ് 16)

- കുട്ടികൾ ചിത്രം നിരീക്ഷിക്കുന്നു.
- ഏതൊക്കെ വസ്തുക്കളുടെ/ജീവികളുടെ കൂട്ടങ്ങളാണ് ഉള്ളതെന്നു കണ്ടെത്തി പറയുന്നു.
- കുട്ടികൾ പരസ്പരം ചർച്ചചെയ്യുന്നു.
- ചിത്രത്തിൽ അടിയിൽ കൊടുത്തിട്ടുള്ള കൂട്ടങ്ങൾ മുകളിലെ ചിത്രത്തിലുണ്ടോ എന്ന് കണ്ടെത്തി ചേർത്തു വയ്ക്കുന്നു.
- ചേർത്തു വരച്ചത് പരസ്പരം വിലയിരുത്തുന്നു.

നിങ്ങളുടെ വീടിന്റെ ചുറ്റുപാട് മനുവിന്റെ വീടിന്റെ ചുറ്റുപാടുപോലെയാണോ? വ്യത്യാസമുണ്ടോ?

നിങ്ങളുടെ വീടിനുചുറ്റും കൂട്ടങ്ങളായി എന്തൊക്കെയുണ്ട്?

കുട്ടികൾ കണ്ടെത്തി പറയട്ടെ. കൂട്ടങ്ങളാക്കിയതിന്റെ യുക്തി വിശദീകരിക്കാൻ അവസരം നൽകണം.

ചിത്രവായനയിലെ മികവ്, കൂട്ടങ്ങളാക്കിയതിന്റെ യുക്തി വിശദീകരിക്കൽ, വിവരശേഖരണത്തിന്റെ കഴിവ്, കൂട്ടങ്ങളെക്കുറിച്ചുള്ള ധാരണ എന്നിവ വിലയിരുത്തണം.



കൂട്ടം കണ്ടെത്താം

ടീച്ചർ ക്ലാസിൽ പലയിടത്തായി പല കൂട്ടങ്ങൾ ഒളിച്ചുവച്ചിട്ടുണ്ട്. ഒരു പാട്ടുപാടിക്കൊണ്ട് അവയിൽ ഒരു കൂട്ടം കണ്ടെത്താൻ പറയുന്നു.

ടീച്ചർ: ഞാനൊരുകൂട്ടമൊളിപ്പിച്ചു
കല്ലിൻകൂട്ടമതാണല്ലോ.
കണ്ടുപിടിക്കൂ കൊണ്ടുവരൂ.

ടീച്ചർ കൈ ചൂണ്ടുന്ന ആൾ കല്ലിൻകൂട്ടം എടുത്തുകൊണ്ടു വരണം. തുടർന്ന് ഇതുപോലെ കുട്ടികൾ പരസ്പരം ചെയ്യട്ടെ.



വ്യത്യസ്ത കൂട്ടങ്ങൾ - ഗോലി, ചോക്ക്, കല്ല്, പന്ത്, മഞ്ചാടി, പൂവ് തുടങ്ങിയവ ഒരുക്കണം.

തുടർപ്രവർത്തനം

ഒട്ടിക്കാം, വരയ്ക്കാം

വിവിധ ചിത്രങ്ങൾ മുറിച്ചെടുത്ത് പല കൂട്ടങ്ങളായി നോട്ട്ബുക്കിൽ ഒട്ടിച്ചുവയ്ക്കണം. ബാലമാസികകൾ ഉപയോഗിക്കാം. സ്റ്റെൻസിൽ, സ്റ്റാംപിറ്റ് എന്നിവകൊണ്ടും കൂട്ടങ്ങൾ ഉണ്ടാക്കാം.

ഓരോരുത്തരും അവർ ചെയ്തത് പ്രദർശിപ്പിച്ച് മികവ് പറയട്ടെ. തുടർന്ന് ചർച്ച.

- ആരുടെ നോട്ട്ബുക്കാണ് കൂടുതൽ നന്നായത്?
- മികവ് പുലർത്തിയവർ ആരൊക്കെയാണ്?
- എന്തൊക്കെ പ്രയാസങ്ങൾ നേരിട്ടു?



കുട്ടികൾ പരസ്പരം വിലയിരുത്തണം. പോർട്ട്ഫോളിയോയുടെ ഭാഗമായി ടീച്ചർ വിലയിരുത്തണം.

പ്രവർത്തനം - 3

കൂട്ടത്തിന് വലുതാക്കാം, ചെറുതാക്കാം

ടീച്ചർ ക്ലാസിൽ 2 മഞ്ചാടിക്കൂട്ടങ്ങൾ രണ്ടു പാത്രങ്ങളിലായി
വലിയ കൂട്ടം?

രണ്ടാമത്തെ കൂട്ടത്തെ ഇനിയും വലുതാക്കാമോ? എങ്ങനെ
മറ്റേ പാത്രത്തിലെ മഞ്ചാടി വാരി ഈ കൂട്ടത്തിലേക്ക് ഇട്ടാ
ഇനിയും വലുതാക്കാനോ? ഇനിയുമിട്ടാൽ മതി.

ചെറിയ കൂട്ടമുണ്ടാക്കാൻ എന്തു ചെയ്യണം?

പ്രദർശിപ്പിക്കുന്നു. ഏതാണ്

?

ൽ മതി.

മഞ്ചാടി വാരിമാറ്റിയാൽ മതിയല്ലോ. കുട്ടികൾ ഓരോരുത്തരായി വന്ന് മഞ്ചാടി വാരി രണ്ടാമത്തെ പാത്രത്തിലേക്ക് മാറ്റട്ടെ. ഇനിയും ചെറുതാക്കാനോ? ഇങ്ങനെ കൂട്ടത്തെ ചെറുതാക്കി അവസാനം ഒരു മഞ്ചാടിമാത്രമാകുന്നു.

പ്രവർത്തനം - 4

പാഠപുസ്തകത്തിലേക്ക് - കുരുവിക്കഥ

പാഠപുസ്തകത്തിലെ പേജ് 17, 18-ലെ ചിത്രങ്ങൾ കുട്ടികൾ നിരീക്ഷിക്കുന്നു, ടീച്ചർ കഥ പറയുന്നു.

ടീച്ചർ കഥയിൽ പറയുന്ന അത്രയും കൂട്ടത്തിലുണ്ടോ എന്ന് കുട്ടികൾ പരിശോധിക്കുന്നു.

തുടർന്ന് കഥയുമായി ബന്ധപ്പെട്ട് ചില ചോദ്യങ്ങളും ചർച്ചകളുമാവാം.

പക്ഷികളോടും മൃഗങ്ങളോടും ക്രൂരത പാടില്ലെന്നും അവർക്കും ജീവിക്കാനുള്ള അവകാശമുണ്ടെന്നും കുട്ടികൾക്ക് ബോധ്യപ്പെടണം. സഹജീവികളോട് സ്നേഹത്തോടെ പെരുമാറണം എന്നതും ചർച്ച ചെയ്യണം.

തുടർന്ന് പാഠപുസ്തകത്തിലെ പേജ് 19-ലെ പാട്ട് ടീച്ചറും കുട്ടികളും ഒരുമിച്ച് പാടട്ടെ. ഓരോ എണ്ണവും പറയുമ്പോൾ അത് കൈവിരലുകളുമായി ബന്ധപ്പെടുത്തി കാണിക്കണം. സമാനമായ മറ്റു പാട്ടുകളും ആകാം.



പ്രവർത്തനം - 5

പാഠപുസ്തകത്തിലെ പേജ് 20-ലെ പ്രവർത്തനം കുട്ടികൾ സ്വയം ചെയ്യണം. കുട്ടികൾ പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തട്ടെ.

ചുവടെ കൊടുത്തിരിക്കുന്ന പാട്ടുകൾ സന്ദർഭത്തിനനുസരിച്ച് ഉപയോഗിക്കാം.

മാനത്തമ്പിളി ഒന്നല്ലോ
കുടയ്ക്ക് കാലും ഒന്നല്ലോ
പുള്ളിപ്പയ്യിന് വാലൊന്ന്
അപ്പുവിനയ്യാ മൂക്കൊന്ന്
പശുവിന് കാലുകൾ നാല്
മേശയ്ക്ക് കാലുകൾ നാല്
കാറിന് ചക്രം നാല്
മ്യാവൂ മ്യാവൂ കരയും
വീരന് കാലെത്ര? പറയാമോ?



പ്രവർത്തനം - 6

പൂന്തോട്ടത്തിലെ കൂട്ടുകാർ (പേജ് 21)

ഓരോ കൂട്ടത്തിലെയും എണ്ണത്തെ പൊട്ടുകളുമായി ബന്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തനമാണിത്. എണ്ണത്തെ അക്കങ്ങളായി എഴുതുന്നതിന്റെ പ്രാഥമിക പടിയുമാണിത്.

കുട്ടികൾ പൊട്ടുകളുമായി ബന്ധപ്പെടുത്തി വരയ്ക്കട്ടെ. തുടർന്ന് **എത്ര എത്ര പൂക്കൾ** (പേജ് 22) ടീച്ചറും കുട്ടികളും ചേർന്ന് പാടണം. തുടർന്ന് പേജ് 23-ലെ 'തേന്മാവിന്റെ കൂട്ടുകാർ' എന്ന പ്രവർത്തനം.

പ്രവർത്തനം - 7

പലപല കൂട്ടങ്ങൾ

ടീച്ചർ ഒരു മഞ്ചാടി സുതാര്യമായ കവറിൽ ഇടുന്നു. ഇനി മറ്റൊരു കൂട്ടം ഉണ്ടാക്കിയാലോ? (തുടർന്ന് ടീച്ചർ 5 വരെയുള്ള കൂട്ടങ്ങൾ വിവിധ കവറുകളിൽ പ്രദർശിപ്പിക്കുന്നു.



തുടർന്ന് കുട്ടികളെ 3 പേർവീതമുള്ള ഗ്രൂപ്പുകളാക്കുന്നു. ഇതേ രീതിയിൽ കൂട്ടങ്ങൾ വ്യത്യസ്ത സാധനങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കുന്നു. (കക്ക, ഈർക്കിൽ, മുത്ത്, കല്ല്, കടല, പയർ തുടങ്ങിയവ ഉപയോഗിക്കാം).

എല്ലാ ഗ്രൂപ്പും കൂട്ടങ്ങൾ ഉണ്ടാക്കിയാൽ രണ്ട് കുട്ടികളെ വിളിച്ച് ടീച്ചർ ക്ലാസിനു പുറത്തു നിർത്തുന്നു.

മറ്റ് കുട്ടികളോട് - നിങ്ങൾ കവറിൽ ശേഖരിച്ചിരിക്കുന്നത് മിഠായിയാണെന്ന് വിചാരിക്കുക - നമ്മുടെ കൂട്ടുകാർ ഇവിടേയ്ക്കു വരുന്നു.

അവരെ ഉള്ളിലേക്ക് ക്ഷണിച്ച് ക്ലാസിന് മുന്നിൽ നിർത്തുന്നു. ഇവർക്ക് മിഠായി കൊടുക്കണം. ഒരാൾക്ക് ഒരു മിഠായി എന്ന ക്രമത്തിൽ. ഓരോ ഗ്രൂപ്പും നിങ്ങൾ കൂട്ടങ്ങളാക്കിയതിൽ ഏതു കൂട്ടം ഇവർക്ക് കൊടുക്കും? മിഠായി കൂടുതൽ എണ്ണം കൊടുക്കരുത്.

കുട്ടികൾ കൂട്ടം തിരഞ്ഞെടുക്കട്ടെ. അതിനുള്ള ന്യായീകരണം ഗ്രൂപ്പ് പറയട്ടെ.

രണ്ടിൽ കൂടുതലുള്ള കൂട്ടം എടുത്താൽ - അധികം വരില്ലേ, കൂടുതൽ കൊടുക്കേണ്ട ആവശ്യമില്ല - പറഞ്ഞ് ഒഴിവാക്കണം.

കുട്ടികൾ ശേഖരിച്ച രണ്ടിന്റെ വിവിധ കൂട്ടങ്ങൾ മേശപ്പുറത്തുവച്ച് ടീച്ചർ പരിശോധിക്കുന്നു. (ഈ കൂട്ടത്തിന് പറയുന്ന പേരാണ് രണ്ടിന്റെ കൂട്ടം).

രണ്ട് മഞ്ചാടി, രണ്ട് കല്ല്, രണ്ട് കടല, രണ്ട് ഈർക്കിൽ, രണ്ട് കുട്ടികൾ തുടങ്ങിയ വിശദീകരണം ടീച്ചർ പറയുന്നു.



വസ്തുക്കൾ കൊടുക്കുമ്പോൾ രണ്ട് എണ്ണമുള്ള വ്യത്യസ്ത കൂട്ടങ്ങൾ വരാൻ ശ്രദ്ധിക്കണം. 2 മഞ്ചാടി, 2 മുത്ത്, 2 ചോക്ക്, ... ക്രോഡീകരണത്തിൽ രണ്ട് എന്ന് ആവർത്തിച്ചു പറയുകയും കുട്ടികൾക്ക് പറയാൻ അവസരം നൽകുകയും വേണം.

തുടർന്ന് ഈ വസ്തുക്കളെ ചിത്രം കാണിച്ചും ബ്ലാക്ക്ബോർഡിൽ വരച്ചു കാണിച്ചും രണ്ട് എന്നു പറയിപ്പിക്കണം.

തുടർന്ന് ഒന്ന്, മൂന്ന്, നാല്, അഞ്ച് എന്നീ എണ്ണങ്ങളുടെ കൂട്ടത്തെയും ഇതുപോലെ പരിചയപ്പെടുത്തണം. വ്യത്യസ്തമായ തന്ത്രങ്ങളും ഉപയോഗപ്പെടുത്താം.



ഒന്നിനൊന്ന് പൊരുത്തപ്പെടുത്തി ഒരേപോലുള്ള കൂട്ടങ്ങൾക്ക് പേരു നൽകുകയാണ് ഇവിടെ ചെയ്യുന്നത്. 1 മുതൽ 5 വരെയുള്ള കൂട്ടത്തെ അവയുടെ എണ്ണത്തിന്റെ സവിശേഷതകൾക്കനുസരിച്ച് തരംതിരിക്കാൻ കുട്ടിക്കറിയണം. അതിനായി 1 മുതൽ 5 വരെയുള്ള കൂട്ടങ്ങളെ പലതവണ നിരീക്ഷിക്കാനുള്ള അവസരമാണ് ഇവിടെ നൽകേണ്ടത്.

തുടർപ്രവർത്തനം

എല്ലാ കുട്ടികളും 5 ഷീറ്റ് പേപ്പർവീതം എടുത്ത് ഒന്നിൽ ഒന്ന്, അടുത്തതിൽ രണ്ട്, അടുത്തതിൽ മൂന്ന് എന്നീ ക്രമത്തിൽ സ്റ്റാംപിറ്റ് സീൽ ചെയ്യട്ടെ. തുടർന്ന് ഗ്രൂപ്പുകളിൽ ഒരേപോലുള്ള കൂട്ടങ്ങൾ ചേർത്തുവയ്ക്കണം. ഓരോരുത്തരും അവർ ചെയ്തതിനെ മറ്റുള്ളവരുടേതുമായി താരതമ്യം ചെയ്യട്ടെ. തുടർന്ന് ടീച്ചറുടെ നിർദേശമനുസരിച്ച് 1 ന്റെ കൂട്ടം, 2 ന്റെ കൂട്ടം, 3 ന്റെ കൂട്ടം, ... തുടങ്ങിയവ കുട്ടികൾ എടുത്തു കാണിക്കുന്നു.

പ്രവർത്തനം - 8

കൂട്ടങ്ങളാക്കൽ കളി

"പറയൂ പറയൂ എത്ര പേർ" എന്ന് ആവർത്തിച്ചു പാടിക്കൊണ്ട് കുട്ടികൾ വട്ടത്തിൽ ഓടുന്നു. ഈ സമയം ടീച്ചർ മൂന്ന് എന്ന് പറയുന്നു, ടീച്ചർ പറയുന്നതിനനുസരിച്ച് കൂട്ടമാകുന്നു. കൂട്ടമാകാൻ പറ്റാത്തവർ പുറത്താകുന്നു.

കായികക്ഷമത വിലയിരുത്തുന്നതിന് ഈ പ്രവർത്തനം ഉപയോഗപ്പെടുത്താം.



അല്ലെങ്കിൽ

കുട്ടികൾ വട്ടത്തിൽ ഓടിക്കൊണ്ടിരിക്കുന്നു. ടീച്ചർ ഒരു സംഖ്യ (5-ൽ താഴെ) പറയുന്നു. അപ്പോൾ പെട്ടെന്ന് അത്രയും അംഗങ്ങളുടെ വിവിധ കൂട്ടങ്ങൾ രൂപപ്പെടണം. ഒരു കൂട്ടത്തിലും പെടാതെ വരുന്ന കുട്ടിയും ടീച്ചർ പറഞ്ഞ എണ്ണത്തിൽ കൂടുതലോ കുറവോ ഉള്ള കൂട്ടങ്ങൾ രൂപപ്പെട്ടാൽ ആ കൂട്ടം മുഴുവനും പുറത്താകും. ഏതിന്റെ കൂട്ടം? എത്ര പേരുള്ള കൂട്ടം? തുടങ്ങിയ ചില ചോദ്യങ്ങൾ ചോദിക്കാം.

പ്രവർത്തനം - 9

അക്കങ്ങൾ പരിചയപ്പെടാം

തുടർന്നുള്ള പ്രവർത്തനം ഇതുവരെ പരിചയപ്പെട്ട 1 മുതൽ 5 വരെ കൂട്ടങ്ങളെ അക്കങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ളതാണ്.

കുട്ടികളെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് പേർ വീതമുള്ള ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പും എത്രപേരുടെ കൂട്ടമാണെന്ന് അവർ പറയട്ടെ. ഒരു ഭാഗത്ത് പൊട്ടുകളും മറുഭാഗത്ത് അക്കങ്ങളും എഴുതിയ കാർഡുകൾ മേശപ്പുറത്ത് വയ്ക്കണം (1 – 5). ഓരോ ഗ്രൂപ്പും അവരുടെ കൂട്ടത്തിനനുസരിച്ചുള്ള കാർഡുകൾ എടുക്കട്ടെ. (പൊട്ടുകളുടെ എണ്ണം നോക്കി). ഓരോ ഗ്രൂപ്പും കാർഡുകൾ ഉയർത്തിക്കാണിച്ച് ഞങ്ങൾ നാലു പേരുടെ കൂട്ടം, ഞങ്ങൾ മൂന്ന് പേരുടെ കൂട്ടം എന്നിങ്ങനെ പറയട്ടെ. തുടർന്ന് കാർഡ് തിരിച്ചു പിടിച്ച് – അക്കങ്ങൾ കാണിച്ച് – ഇത് ആവർത്തിക്കണം. ഓരോ ഗ്രൂപ്പും അക്കങ്ങൾ പറയുമ്പോൾ ടീച്ചർ അത് ബോർഡിൽ എഴുതിക്കാണിക്കണം.

ചിത്രത്തിലെ കൂട്ടങ്ങളുടെ എണ്ണം കുട്ടികൾ പരിശോധിക്കണം. തുടർന്ന് കൂട്ടത്തിലെ എണ്ണത്തെ സൂചിപ്പിക്കുന്ന അക്കങ്ങൾ പരിചയപ്പെടട്ടെ.

പ്രവർത്തനം - 10

എണ്ണം എത്ര? (പേജ് 24)

അക്കങ്ങളെ പെൻസിലിന്റെ എണ്ണവുമായി ബന്ധിപ്പിക്കുന്നത് പരിശോധിക്കാനുള്ള പ്രവർത്തനമാണിത്. കുട്ടികൾ ചേർത്തു വരയ്ക്കണം. ഇത് കുട്ടികൾ പരസ്പരം വിലയിരുത്തണം. (പാഠപുസ്തകത്തിലെ പേജ് 24).



ടീച്ചർ ചില കൂട്ടങ്ങൾ ബോർഡിൽ വരയ്ക്കുന്നു. അവയുടെ എണ്ണം കുട്ടികൾ എഴുതട്ടെ. തുടർന്ന് സംഖ്യകൾ ബോർഡിൽ എഴുതണം. കുട്ടികൾ അവർക്കിഷ്ടമുള്ള കൂട്ടങ്ങൾ നോട്ട്ബുക്കിൽ വരയ്ക്കണം. ഇങ്ങനെ കൂട്ടത്തെ സംഖ്യകളായും തിരിച്ചും എഴുതുന്ന പ്രവർത്തനം നടക്കണം.

വിലയിരുത്തൽപ്രവർത്തനം

പാഠപുസ്തകത്തിലെ പേജ് 25-ലെ പ്രവർത്തനം കുട്ടികൾ സ്വയം ചെയ്യട്ടെ. ഇതു പരസ്പരം പരിശോധിക്കുകയും ചെയ്യണം.

തുടർപ്രവർത്തനം

കാർഡുകൾ നൽകുന്നു



ഒരു വശത്ത് പൊട്ടുകൾ (5 വരെ), മറുവശത്ത് സംഖ്യ എഴുതാനുള്ള സ്ഥലം. അതുപോലെ തിരിച്ചും - സംഖ്യകൾ നൽകുന്നു. അതിനനുസരിച്ച് പൊട്ട് വരയ്ക്കുക എന്ന പ്രവർത്തനം നൽകാം.

കൂട്ടത്തെ അക്കങ്ങളുമായി ബന്ധപ്പെടുത്തൽ, അക്കങ്ങൾ എഴുതുന്ന രീതി എന്നിവ ടീച്ചർ വിലയിരുത്തണം.



പ്രവർത്തനം - 11

ചെറുത് മാറ്റാം

ഒന്നു മുതൽ അഞ്ചുവരെ സംഖ്യകളെ വലുപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്ന പ്രവർത്തനമാണിത്. നേരത്തേ 5 പേപ്പറിൽ സ്റ്റാംപിറ്റ് ചെയ്തിട്ടുണ്ടല്ലോ. അവയിൽ ഓരോന്നിലും കുട്ടികൾ സംഖ്യ എഴുതട്ടെ. ഗ്രൂപ്പിൽ ഏറ്റവും കുറവുള്ള കൂട്ടം കണ്ടെത്തി മാറ്റിവയ്ക്കുന്നു. ഇനിയുള്ള നാല് കൂട്ടത്തിൽ ഏറ്റവും കുറവുള്ളതേത്?
അത് നേരത്തേ വച്ചതിനോട് ചേർത്തുവയ്ക്കുന്നു. അങ്ങനെ 1 മുതൽ 5 വരെ ക്രമീകരിക്കുന്നു.



ഓരോ കുട്ടിക്കും ഒന്നു മുതൽ അഞ്ച് വരെ കൂട്ടങ്ങളുള്ള മഞ്ചാടിയുടെ ശേഖരം ഉണ്ടായിരിക്കണം. ഇത് തുടർന്നു ഉപയോഗിക്കാനായി ഓരോ കൂട്ടവും ഒരു ചെറിയ കവറിലാക്കി സൂക്ഷിക്കണം.

തുടർന്ന് സമാനമായ മറ്റു പ്രവർത്തനങ്ങളും കൊടുക്കാം.

ഉദാ:
- അഞ്ച് പേർക്ക് മഞ്ചാടി കൊടുക്കുന്നു. (1, 2, 3, 4, 5 എന്നിങ്ങനെ). അവർക്ക് കിട്ടിയ എണ്ണം കാണിക്കുന്ന കാർഡ് എടുക്കണം. ഏറ്റവും കുറവ് കിട്ടിയവർ

ആദ്യം, അടുത്തയാൾ പിന്നീട് എന്നിങ്ങനെ വരിയായി നിന്ന് കാർഡ് ഉയർത്തിക്കാണിക്കണം.



- കൂട്ടിയിട്ടിരിക്കുന്ന കാർഡുകൾ ക്രമമായി എടുക്കൽ.
- ഏറ്റവും കൂടുതലുള്ളതിൽനിന്ന് കുറഞ്ഞതിലേക്ക് വസ്തുക്കളെ ക്രമീകരിക്കൽ.

കലാപരമായി ചിത്രീകരിക്കാനുള്ള കഴിവ് വിലയിരുത്തണം. നോട്ട്ബുക്കിലെ ചിത്രങ്ങൾ, രേഖപ്പെടുത്തൽ എന്നിവ പോർട്ട്ഫോളിയോയുടെ ഭാഗമായി വിലയിരുത്തണം.



തുടർന്ന് നോട്ട്ബുക്കിൽ സ്റ്റാംപിറ്റ് ഉപയോഗിച്ച് ചിത്രങ്ങളുടെ കൂട്ടങ്ങൾ ഉണ്ടാക്കണം. അതിനടിയിൽ കൂട്ടത്തിലെ എണ്ണം കാണിക്കുന്ന അക്കങ്ങൾ എഴുതണം.

പ്രവർത്തനം - 12

എണ്ണിയെടുക്കാം

'ഒരു കൂട്ടത്തിൽ എത്രയുണ്ട്' എന്ന് ക്രമീകരിക്കാനും കൂട്ടം നോക്കി പറയാനും എഴുതാനും ക്രമീകരിക്കാനും ഇപ്പോൾ കുട്ടികൾക്കറിയാം. തുടർന്ന് വസ്തുക്കൾ എണ്ണിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കൊടുക്കുന്നത്.

ഒരു പാത്രത്തിൽ മഞ്ചാടി വയ്ക്കുന്നു. ഇതിൽനിന്ന് 5 ന്റെ വലിയ കൂട്ടം ഉണ്ടാക്കണം. എങ്ങനെ ഉണ്ടാക്കും?

ഒരെണ്ണം ടീച്ചർ എടുത്ത് മേശപ്പുറത്ത് വയ്ക്കുന്നു.

ഇത് എത്രയെണ്ണമുള്ള കൂട്ടമാണ്? 1 ന്റെ കൂട്ടം.

തുടർന്ന് ഒരെണ്ണംകൂടി എടുത്തുവയ്ക്കുന്നു.

ഇപ്പോൾ ഇത് എത്രയുടെ കൂട്ടമാണ്. 2 ന്റെ കൂട്ടം.

ഇനി ഒരെണ്ണംകൂടി എടുത്തുവയ്ക്കുന്നു.

ഇപ്പോൾ ഇത് എത്രയുടെ കൂട്ടമായി. 3 ന്റെ കൂട്ടം.

ഇങ്ങനെ 5 വരെ എടുത്തു വച്ച് 5 ന്റെ കൂട്ടമാക്കുന്നു.



തുടർന്ന് മേശപ്പുറത്ത് കുറേ മഞ്ചാടി വയ്ക്കുന്നു. കുട്ടികൾക്ക് 1 മുതൽ 5 വരെ സംഖ്യകളിൽ ഏതെങ്കിലും ഒരെണ്ണം എഴുതിയ കാർഡ് നൽകുന്നു. അത്രയും മഞ്ചാടി എണ്ണിയെടുത്ത് കാർഡിൽ വച്ച് കാണിക്കുന്നു. തുടർന്ന് കാർഡുകൾ മാറ്റി നൽകി പ്രവർത്തനം ആവർത്തിക്കണം.

കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു.

പരസ്പരം വിലയിരുത്തുന്നു.


കുട്ടികൾ അവർതന്നെ എണ്ണി 5 പേർ വീതമുള്ള ഗ്രൂപ്പുകൾ, 4 പേർ വീതമുള്ള ഗ്രൂപ്പുകൾ ആയി മാറട്ടെ.

എണ്ണാനുള്ള കഴിവ്, സംഖ്യകൾ രേഖപ്പെടുത്തൽ, എന്നിവ വിലയിരുത്തണം.




തുടർന്ന് വിലയിരുത്തൽ പ്രവർത്തനങ്ങൾ നൽകാം.

1. പാഠപുസ്തകത്തിലെ പേജ് 27-ലെ 'എണ്ണം എഴുതുക' എന്ന പ്രവർത്തനം സ്വയം ചെയ്യണം.
2. സംഖ്യകൾ എഴുതിയ കാർഡിന് മുകളിൽ അതിന് സമാനമായ എണ്ണം മഞ്ചാടി വയ്ക്കുക.






3. പൊട്ടുകളുടെ എണ്ണത്തിനനുസരിച്ച് സംഖ്യ എഴുതുക.



യൂണിറ്റ് വിലയിരുത്തലിനായി താഴെ കൊടുത്ത വർക്ക്ഷീറ്റും സമാനമായ വർക്ക്ഷീറ്റുകളും ഉപയോഗിക്കാം.

വർക്ക്ഷീറ്റ്

1. കൂടുതൽ മീൻ കിട്ടിയ പൂച്ചയ്ക്ക് നിറം നൽകൂ.




2. കുറച്ച് കാരറ്റ് കിട്ടിയ മുയലിന്റെ ചുറ്റും വട്ടം വരയ്ക്കൂ.



3. സംഖ്യ എഴുതൂ.






4. ഏറ്റവും ചെറുത് ആദ്യം, ഏറ്റവും വലുത് അവസാനം എന്ന ക്രമത്തിൽ എഴുതൂ.

2	1	4	5	3

5.



ടീച്ചർ നിർദേശം നൽകണം:

- 1 ൽനിന്നു 2 ലേക്ക് വരയ്ക്കുക.
- 2 ൽനിന്ന് 3 ലേക്ക് വരയ്ക്കുക.
- 3 ൽനിന്ന് 4 ലേക്ക് വരയ്ക്കുക.
- 4 ൽനിന്ന് 5 ലേക്ക് വരയ്ക്കുക.

കിട്ടിയ രൂപത്തിന് നിറം നൽകുക.